www.malankaralibrary.com

എട്ട്

# ജീവിതം തന്ന സന്ദേശം

സുകുമാരൻ പൊറ്റെക്കാട്

**കേ**രളത്തിന്റെ ആദ്ധ്യാത്മികമായ നവോത്ഥാനത്തിനുവേണ്ടി ജീവിതമർപ്പിച്ച ഒരു വ്യക്തിമാഹാത്മ്യത്തിന്റെ പേരാണ് ചാവറ കുര്യാക്കോസ് ഏലിയാസ്. ഒരു ദൈവാരാമം അദ്ദേഹം ഇവിടെ നട്ടുവളർത്തി; വാടാത്ത പുഷ്പങ്ങളുടെ ഒരു ഉദ്യാനം. അതിൽനിന്നു പ്രസരിക്കുന്ന സേവനാത്മകമായ സൗരഭ്യം ആസ്വദിക്കാത്ത കേരളീയരില്ല.

മഹത്വം ഏതു രൂപത്തിൽ എവിടെ പുഷ്പിതമായിക്കണ്ടാലും താൻ അതിന്റെ മുമ്പിൽ ഭക്ത്യാദരപൂർവ്വം തലകുനിക്കുമെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. വിവേകാനന്ദൻ വിഭാവനം ചെയ്ത മഹത്വം അധികാരപ്രതാപത്തിന്റെയും ഭൗതികസിദ്ധികളുടെയും ഫലമായ വലിപ്പമല്ല. മഹത്വവും വലിപ്പവും ഭിന്നമല്ലെന്നു തെറ്റിദ്ധരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെങ്കിലും കാലത്തെ കബളിപ്പിക്കുവാൻ കഴിയുമോ? സൂക്ഷ്മദൃഷ്ടിയായ കാലത്തിന്റെ മുമ്പിൽ കതിരും പതിരും ഉരുത്തിരിയാതെ നിവൃത്തിയില്ല.

### ജീവിക്കുന്ന വർഷമല്ല, വർഷിക്കുന്ന ജീവിതം

ചാവറഅച്ചന്റെ നിര്യാണത്തിനുശേഷം 141 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. മരിക്കാത്ത മരണങ്ങളും ജീവിക്കാത്ത ജീവിതങ്ങളുമുണ്ട്. അവയ്ക്കിടയിൽ പുണ്യചരിതന്റേത് മരിക്കാത്ത മരണവും ജീവിച്ച ജീവിതവുമായിരുന്നു എന്നു കാലം നമ്മുടെ മുൻപിൽ സാക്ഷ്യപ്പെടുത്തുന്നു.

കൊല്ലങ്ങൾക്കു ജീവിതം നൽകുന്നവരാണ് യഥാർത്ഥ മഹാപുരുഷന്മാർ. ജീവിതത്തോടു കൊല്ലങ്ങൾ കൂട്ടിക്കഴിയുന്ന പരിപാടിയെ ജീവിതമായി ചാവറയച്ചൻ അംഗീകരിച്ചിരുന്നില്ല.

അദ്ദേഹം അത് പറഞ്ഞിട്ടുമുണ്ട്:

www.malankaralibrary.com


*അന്യന്മാർക്കു വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല.*

ചാവറയച്ചൻ ഭൗതിക ലോകത്തിൽ ജീവിച്ച അറുപത്തിയഞ്ചു സംവത്സരവും പത്തുമാസവും ഇരുപത്തഞ്ചുദിവസവും ആ പുണ്യവാന്റെ ആയുസ്സിൽ അനിഷേധ്യമായ സ്ഥാനം പിടിച്ചു. ഇതുപോലെ അവകാശപ്പെടാവുന്ന ജീവിതങ്ങൾ അറിയപ്പെടുന്ന ചരിത്രമാകെ തിരഞ്ഞാലും കണ്ടെത്താനാവില്ല.

അനശ്വരമായ പല നേട്ടങ്ങളും ചാവറയച്ചന്റെ ആയുഷ്ക്കാലത്തിൽ ഒതുങ്ങിനിൽക്കുന്നുണ്ട്. ക്രൈസ്തവസഭയുടെ പ്രവർത്തനങ്ങൾ ഒട്ടൊക്കെ നിർവീര്യവും നിസ്തേജനവുമായിരുന്ന ഘട്ടത്തിലാണ് അദ്ദേഹത്തിന്റെ രംഗപ്രവേശം. ഒരു മഹാദൗത്യം നിറവേറ്റണമെന്ന ദൃഢപ്രതിജ്ഞ അദ്ദേഹത്തെ മുന്നോട്ടു നയിച്ചു. ഒട്ടും ഒച്ചപ്പാടുണ്ടാക്കിയില്ല. നിശ്ശബ്ദമായ സേവനപരിപാടികളിലൂടെ അദ്ദേഹം നീങ്ങി. സഭയുടെ പോരായ്മകൾ വകതിരിച്ചു മനസ്സിലാക്കി രചനാത്മകമായ പരിഹാരമാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുവാൻ തുനിഞ്ഞു. പ്രസംഗകലയിൽ നേടിയ പ്രാവീണ്യവും സാഹിത്യരചനയിൽ പ്രകടിപ്പിച്ച താല്പര്യവും ആ പ്രവർത്തനങ്ങൾക്ക് ഊക്കും ഉത്തേജനവും നൽകി.

ചാവറയച്ചൻ ഏതെങ്കിലും സർവകലാശാലയിൽ പഠിക്കുകയോ, ബിരുദങ്ങൾ കരസ്ഥമാക്കുകയോ ഉണ്ടായിട്ടില്ല. പക്ഷേ, സ്വതസിദ്ധമായ കഴിവുകൾ അദ്ദേഹത്തെ ഒരു തികഞ്ഞ പണ്ഡിതനും ജ്ഞാനോപാസകനുമാക്കി. വേദപുസ്തകം മനഃപാഠമായിരുന്നു. പള്ളികളിൽ മതപ്രബോധനം നിർവ്വഹിക്കുന്ന സമ്പ്രദായത്തിന് പ്രചാരമില്ലാതിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെ വിചാരമധുരവും വാചാലവുമായ പ്രസംഗങ്ങൾ കേരളത്തിന്റെ ആദ്ധ്യാത്മികമണ്ഡലത്തിൽ കോളിളക്കംതന്നെ സൃഷ്ടിച്ചു. പള്ളി പ്രസംഗങ്ങളെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റി സാർവ്വത്രികമാക്കിയത് അദ്ദേഹമാണ്.

### നവയുഗത്തിന്റെ നാന്ദി

പ്രസംഗത്തോടൊപ്പം അച്ചടിവിദ്യയുടെ സൗകര്യങ്ങളും മതപ്രബോധനത്തിനുവേണ്ടി ചാവറയച്ചൻ വിനിയോഗിച്ചു. മാന്നാനം ആശ്രമത്തിൽ മരംകൊണ്ടു നിർമ്മിച്ച പ്രസ്സ് അദ്ദേഹം സ്ഥാപിക്കുന്ന കാലത്ത് തിരുവിതാംകൂറിൽ രണ്ടു മുദ്രണാലയങ്ങളേ ഉണ്ടായിരുന്നുള്ളു. കോട്ടയത്ത് സി.എം.എസ്. പ്രസ്സും, തിരുവനന്തപുരത്ത് സർക്കാർ പ്രസ്സും. മൂലധനത്തിന്റെ പിൻബലമില്ലാതെ, സാങ്കേതികമായ പരിജ്ഞാനമില്ലാതെ, ഒരച്ചുകൂടം സ്ഥാപിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അതിനായി സഹിച്ച ക്ലേശം വ്യർത്ഥമായില്ല. മാന്നാനം പ്രസ്സിൽനിന്നു പുറത്തിറങ്ങിയ പ്രാർത്ഥനാഗ്രന്ഥങ്ങളും മാസവണക്കങ്ങളും ജീവചരിത്രങ്ങളും ധ്യാനകൃതികളും കേരളത്തിലെ കത്തോലിക്കരുടെ ആത്മീയ ജീവിതത്തിൽ ഒരു പുതിയ വെളിച്ചം പരത്താൻ ഉപകരിച്ചു. ചാവറയച്ചൻ സ്വയം രചിച്ച സാഹിത്യകൃതികൾക്ക് അക്കൂട്ടത്തിൽ

www.malankaralibrary.com



അതുല്യമായ ഒരു സ്ഥാനമുണ്ട്. മതപ്രബുദ്ധതയുടെ കൈത്തിരിയുമായി ആ പുസ്തകങ്ങൾ കടന്നുചെല്ലാത്ത കത്തോലിക്കാകുടുംബങ്ങളില്ല.

വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളായിരുന്നു ചാവറയച്ചന്റെ ശ്രദ്ധതിരിഞ്ഞ മറ്റൊരു മണ്ഡലം. സുറിയാനിക്കാരുടെ വികാരിജനറൽ എന്ന നിലയ്ക്ക് അദ്ദേഹം ഇടവകകൾക്കയച്ച കല്പന ഒരു നവയുഗത്തിന്റെ ഉൽഘാടനം കുറിച്ചു. വിദ്യാലയങ്ങൾ സ്ഥാപിക്കാത്ത ഇടവകകൾക്ക് പള്ളി മുടക്കുവരെ കല്പിക്കുമെന്ന് ഖണ്ഡിതമായി പ്രഖ്യാപിക്കുവാൻ അദ്ദേഹം മടിച്ചില്ല. കത്തോലിക്കർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നിഷിദ്ധമായി കരുതിപ്പോന്ന ഒരു കാലഘട്ടത്തിൽ ആ കുറവു പരിഹരിക്കുവാൻ അദ്ദേഹം മുന്നിട്ടിറങ്ങി. മാന്നാനം ആശ്രമത്തോടനുബന്ധിച്ച് ഒരു സംസ്കൃതവിദ്യാലയവും തുടർന്ന് കത്തോലിക്കരുടെ ആദ്യത്തെ ഇംഗ്ലീഷ്സ്കൂളും സ്ഥാപിതമായി. തൃശൂരിൽനിന്നു വരുത്തിയ ഒരു വാരിയരായിരുന്നു സംസ്കൃതസ്കൂളിലെ അദ്ധ്യാപകൻ. പ്രസ്തുത വിദ്യാലയങ്ങളുടെ സേവനം അകത്തോലിക്കാ സമുദായങ്ങൾക്കും ലഭിച്ചു. ജാതിസ്പർദ്ധയുടെ പേരിൽ കേരളത്തിലെ പിന്നോക്ക സമുദായങ്ങൾക്കു സർക്കാർ സ്കൂളുകൾ അക്കാലത്ത് പ്രവേശനം നിഷേധിച്ചിരിക്കുകയായിരുന്നു എന്നോർക്കണം. *ഹര ഹര ഇങ്ങനെ വല്ല നാടുമുണ്ടോ* എന്നു മഹാകവി കുമാരനാശാൻ തലയ്ക്കു കൈവച്ചു വിലപിച്ചത് ആ ഇരുണ്ട കാലഘട്ടത്തെച്ചൊല്ലിയാണ്. അതുകൊണ്ട് ചാവറയച്ചൻ സ്ഥാപിച്ച വിദ്യാലയങ്ങൾ അധഃസ്ഥിത സമുദായങ്ങൾക്കു മുഴുവൻ ആശാദീപമായി ശോഭിച്ചു.

അദ്ദേഹം തുടങ്ങിവച്ച വിദ്യാഭ്യാസപ്രവർത്തനം ശാഖോപശാഖകളായി വളർന്ന് പന്തലിച്ചുനിൽക്കുന്ന ഒരു ചിത്രം നാമിന്നു കാണുന്നു സി.എം.ഐ; സി.എം.സി. സഭകൾ നാട്ടിലെ വിദ്യാഭ്യാസധാരയിൽ നിർണ്ണായക സാന്നിധ്യമായി മാറിയിരിക്കുന്നു. സി.എം.ഐ., സി.എം.സി. സഭകളുടെയും സഭാസ്ഥാപനങ്ങളുടെയും നിസ്തന്ദ്രമായ വളർച്ചയ്ക്കു പിന്നിൽ ആലക്തിക ശക്തിപോലെ വർത്തിക്കുന്ന ചൈതന്യം ചാവറയച്ചന്റെ തപോബലമല്ലാതെ മറ്റൊന്നുമല്ല. പതിതരുടെ ഉദ്ധാരണത്തിനും അനുയായികളുടെ ആത്മീയവും സാന്മാർഗികവുമായ ഉന്നമനത്തിനുംവേണ്ടി അർപ്പിതമായ ഒരു ജീവിതം. മറ്റുള്ളവർതന്നെ ഭയപ്പെടണമെന്നല്ല, സ്നേഹിക്കണമെന്നാണ് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടതെന്ന് അദ്ദേഹം വിശ്വസിച്ചു. ദീനാനുകമ്പയിൽ ചാവറയച്ചൻ ആർക്കും പിന്നിലായിരുന്നില്ല. ഇതിനുസാക്ഷ്യം വഹിക്കുന്ന പല ആതുരസേവനാലയധാരകളുമുണ്ട്. അച്ചന്റെ സഹായത്തിനു പാത്രമാവാത്ത പാവങ്ങൾ അദ്ദേഹത്തിന്റെ പ്രവർത്തനസീമയിലെങ്ങുമില്ല. സ്നേഹിതന്മാരിൽനിന്നു സംഭാവനകൾ വരുത്തി സാധുക്കൾക്കു ദാനം ചെയ്യുവാൻ അദ്ദേഹം എന്തെന്നില്ലാത്ത ഒരാവേശം തന്നെ പ്രദർശിപ്പിച്ചു. അച്ചന്റെ സഹായാഭ്യർത്ഥന ഒരു സമ്പന്നനും നിരസിച്ചതായി കേട്ടിട്ടുമില്ല.

www.malankaralibrary.com


കാരണം സ്പഷ്ടമാണ്. അദ്ദേഹത്തിന്റെ ആവശ്യത്തിൽ അവർക്ക് അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നു.

**കാലത്തിനും വെളിച്ചമാകുന്ന ഉദാത്തമാതൃക**

സ്വയം മാതൃകകാട്ടുക മാത്രമല്ല, ദീനാനുകമ്പയുടെ പാഠങ്ങൾ തന്റെ ശിഷ്യരായ സന്യാസി പരമ്പരയിലേയ്ക്ക് പകർത്തുവാൻ കൂടി ചാവറയച്ചൻ നിഷ്കർഷിച്ചു. കൂലിവേലക്കാരോടും തൊഴിലാളികളോടും സമുദായം കൂടുതൽ നീതി പുലർത്തണമെന്ന ഉറച്ച സിദ്ധാന്തക്കാരനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തികളിലും സമഭാവനയും മനുഷ്യസ്നേഹവും തെളിഞ്ഞുകണ്ടു. അനുയായികൾക്ക് അച്ചൻ നൽകിപ്പോന്ന ഉപദേശം ഇവിടെ ഉദ്ധരിക്കട്ടെ:

*വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ കൂലി താമസിപ്പിക്കുകയോ ചെയ്യരുത്. പാവപ്പെട്ടവരെ നിന്ദിക്കുകയോ ബുദ്ധിമുട്ടിക്കുകയോ അരുത്.*

ചിന്താരത്നങ്ങളായി അവശേഷിക്കുന്ന ചാവറയച്ചന്റെ ഇത്തരം പല സൂക്തങ്ങളുമുണ്ട്. അവ നാമും കഴിഞ്ഞ തലമുറകളും വേണ്ടപോലെ മാർഗ്ഗദർശകമാക്കിയിരുന്നെങ്കിൽ രൂക്ഷമായ സംഘർഷത്തിന്റെ പ്രശ്നം സാമൂഹ്യജീവിതത്തിൽ ഒരു കാലത്തും അനുഭവപ്പെടുമായിരുന്നില്ല.

ചാവറയച്ചന്റെ ജീവിതത്തിലെ സർവ്വോപരി ശ്രദ്ധേയമായ ആദർശവാക്യം അദ്ദേഹത്തിന്റെ ജീവിതം തന്നെയാണ്. *എന്റെ ജീവിതമാണ് എന്റെ സന്ദേശം* എന്ന ഗാന്ധിജിയുടെ പ്രസ്താവം ഇവിടെ ഓർമ്മവരുന്നു. ശത്രുക്കളെക്കൂടി സ്നേഹിക്കണമെന്ന ക്രിസ്തുവാക്യം ആർക്കും ഏറ്റുപറയുവാൻ പ്രയാസമില്ല. പക്ഷേ, നിത്യജീവിതത്തിലെ യാഥാർത്ഥ്യങ്ങളുടെ മധ്യത്തിൽ അതിനിന്ന് അസ്തിത്വമുണ്ടോ? ചാവറയച്ചനെ സംബന്ധിച്ചിടത്തോളം അതൊരു മിഥ്യാവചനമായിരുന്നില്ല. തന്നെ ദ്രോഹിക്കുകയും ശത്രുവിനെപ്പോലെ തന്നോടു പെരുമാറുകയും ചെയ്തവരെപ്പോലും അദ്ദേഹം സ്നേഹിച്ചു. ഇതിനെ ദൃഷ്ടാന്തീകരിക്കുന്ന പല സംഭവങ്ങളും ആ പാവനചരിതന്റെ ജീവിതചരിത്രത്തിലുണ്ട്.

ആന്തരമായ സംസ്ക്കാരത്തിൽ പൂർണ്ണതയോളം വികസിച്ച ഒരു മനുഷ്യത്വം; പ്രാർത്ഥനാനിരതവും സേവനനിബിഡവുമായ ആ ജീവിതത്തിന് ജീവിച്ച കാലഘട്ടത്തിന്റെ പരിവേഷത്തിൽമാത്രമല്ല, അനന്തമായ കാലത്തിന്റെ ശാശ്വതവേദിയിൽത്തന്നെ പ്രകാശരശ്മികൾ ചൊരിയുവാൻ കഴിയുന്നു.

*ചാവറ പ്രിയോരച്ചൻ, വൈദികാഗ്രണിമഹാൻ*
*ദൈവദൂതനെപ്പോലെ നിർമ്മലൻ, തപോധനൻ,*
*ദൈവിക പുണ്യങ്ങളാൽ നിറഞ്ഞ മഹാസിദ്ധൻ,*
*കോവിദന്മാരാൻ പരം കീർത്തിതൻ ജയിക്കുന്നു...*